ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.06.2024**

## പ്രധാനവാർത്തകൾ

1. മൂന്നാം നരേന്ദ്രമോദി സർക്കാർ ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും ; രാഷ്ട്രപതി ഭവനിൽ വൈകുന്നേരം ആറു മണിക്കാണ് സത്യപ്രതിജ്ഞ.

2. എൻ.ഡി.എ പാർലമെന്ററി പാർട്ടി നേതാവായി നരേന്ദ്രമോദിയെ ഏകകണ്ഠമായി തിരഞ്ഞെടുത്തു ; സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് എൻ.ഡി.എ നേതാക്കൾ രാഷ്ട്രപതിയെ കണ്ടു.

3. സംസ്ഥാന സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

4. അവയവ മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാനത്ത് നിയമം കൃത്യമായി പാലിക്കപ്പെടണമെന്നും, ചൂഷണങ്ങൾ ഉണ്ടാകാൻ പാടില്ലെന്നും ആരോഗ്യമന്ത്രി വീണാ ജോർജ്

5. കേരളത്തിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴക്ക് സാധ്യത ; മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

6. സർവകാല റെക്കോഡിൽ വ്യാപാരം അവസാനിപ്പിച്ച് രാജ്യത്തെ ഓഹരി വിപണികൾ.

RNU TVPM

************************

## സത്യപ്രതിജ്ഞ

മൂന്നാം നരേന്ദ്രമോദി സർക്കാർ ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ മറ്റന്നാൾ വൈകുന്നേരം ആറു മണിക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ന്യൂഡൽഹിയിൽ നടന്ന എൻഡിഎ പാർലമെൻററി പാർട്ടി യോഗത്തിന് ശേഷം കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷിയാണ് ഇക്കാര്യം അറിയിച്ചത്. പ്രധാനമന്ത്രിക്കും, സ്ഥാനമേൽക്കുന്ന മന്ത്രിമാർക്കും രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും. പുതിയ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് എൻ.ഡി.എ നേതാക്കൾ ഇന്ന് രാഷ്ട്രപതിയെ കണ്ടു. ന്യൂഡൽഹിയിൽ ഇന്ന് ചേർന്ന എൻ.ഡി.എ പാർലമെൻററി പാർട്ടി യോഗം ശ്രീ. നരേന്ദ്രമോദിയെ നേതാവായി തിരഞ്ഞെടുക്കുകയായിരുന്നു. ഈ സ്ഥാനത്തിന് ഏറ്റവും യോഗ്യനായ നേതാവ് ശ്രീ മോദിയാണെന്ന് ചൂണ്ടിക്കാട്ടി, മുതിർന്ന ബിജെപി നേതാവ് രാജ്നാഥ് സിംഗാണ് പേര് നിർദേശിച്ചത്. ഈ നിർദ്ദേശം ബിജെപി നേതാക്കളും, സഖ്യകക്ഷി നേതാക്കളും അംഗീകരിക്കുകയായിരുന്നു. ടി.ഡി.പി അധ്യക്ഷൻ ചന്ദ്രബാബു നായിഡു, ജെ.ഡി.യു അധ്യക്ഷൻ നിതീഷ് കുമാർ, ഏക്നാഥ് ഷിൻഡേ, ചിരാഗ് പാസ്വാൻ, അജിത് പവാർ, പവൻ കല്യാൺ, അനുപ്രിയ പട്ടേൽ, എച്ച്.ഡി കുമാര സ്വാമി തുടങ്ങി വിവിധ സഖ്യകക്ഷി നേതാക്കൾ എന്നിവർ യോഗത്തിൽ പിന്തുണ അറിയിച്ചു. എൻ.ഡി.എ രാഷ്ട്രീയ പാർട്ടികളുടെ അധികാരത്തിനായുള്ള വെറുമൊരു കൂട്ടായ്മയല്ലെന്നും, മറിച്ച് രാജ്യത്തിന് പ്രഥമ പരിഗണന നൽകുന്ന സഖ്യമാണിതെന്നും ശ്രീ നരേന്ദ്രമോദി പാർലമെൻററി പാർട്ടി യോഗത്തിൽ പറഞ്ഞു. സദ് ഭരണത്തിലും, വികസനത്തിലും, അധിഷ്ഠിതമായാവും എൻ.ഡി.എ സർക്കാർ പ്രവർത്തിക്കുക എന്നും അദ്ദേഹം വ്യക്തമാക്കി.

RNUTVPM

************************

## പ്രോഗ്രസ് റിപ്പോർട്ട് - മുഖ്യമന്ത്രി

ഭരണ രംഗം ജനങ്ങൾ ആഗ്രഹിക്കും വിധത്തിൽ ഉയർത്തിക്കൊണ്ട് വരാൻ സർക്കാരിന് കഴിഞ്ഞത് കൊണ്ടാണ് തുടർ ഭരണം ലഭിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ മൂന്നു വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് തിരുവനന്തപുരത്ത് പ്രകാശനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നാടിനെ ശരിയായ രീതിയിൽ മുന്നോട്ട് നയിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു . എൽ.ഡി.എഫ് പ്രകടന പത്രികയിലെ 900 വാഗ്ദാനങ്ങളുടെ നിർവഹണ പുരോഗതിയാണ് പ്രോഗസ് റിപ്പോർട്ടിലൂടെ വിലയിരുത്തിയത്. തൊഴിൽ, ദാരിദ്ര്യ നിർമാർജനം, കാർഷിക വരുമാനം വർദ്ധിപ്പിക്കൽ, പശ്ചാത്തല സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിലെ പുരോഗതി റിപ്പോർട്ടിൽ വിശദമായി പരാമർശിക്കുന്നുണ്ട്. സ്റ്റാർട്ട് അപ്പുകളിലൂടെ 50,000-ലേറെ പേർക്ക് സംസ്ഥാനത്ത് തൊഴിൽ നൽകിയതായും, മൂന്ന് ഐ.ടി പാർക്കുകളിലായി 30,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

RNU TVPM

************************

## റിപ്പോ നിരക്ക്

അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായി എട്ടാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് **6.5** ശതമാനമായി നിലനിർത്താൻ ആർ.ബി.ഐ-യുടെ ധനനയ അവലോകന സമിതി യോഗം തീരുമാനിച്ചു. രാജ്യത്തെ പണപ്പെരുപ്പ നിരക്കും, വളർച്ചാനിരക്കും തമ്മിലുള്ള അനുപാതം, അനുകൂലമായ രീതിയിലേക്ക് മാറിയതായും ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. രാജ്യത്തെ സാമ്പത്തിക വളർച്ചാ നിരക്ക്, ഈ സാമ്പത്തിക വർഷം 7-ൽ

നിന്ന് 7.2 ശതമാനമായി ഉയരുമെന്നും അദ്ദേഹം പ്രതീക്ഷ പങ്കുവച്ചു.

*************************

## <u>മന്ത്രി വീണാ ജോർജ് - അവയവമാറ്റം</u>

സംസ്ഥാനത്ത് അവയവ മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിയമം കൃത്യമായി പാലിക്കപ്പെടണമെന്നും, ഒരു തരത്തിലുള്ള ചൂഷണങ്ങളും ഉണ്ടാകാൻ പാടില്ലെന്നും ആരോഗ്യമന്ത്രി വീണാ ജോർജ്. അവയവ മാറ്റവുമായി ബന്ധപെട്ട് കെ-സോട്ടോയോട് ഓഡിറ്റ് നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശനമായ നടപടികൾ ഉണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. മെഡിക്കൽ കോളജ് അടക്കമുള്ള സർക്കാർ ആശുപത്രികളെ വിശ്വാസത്തോടെ കാണുന്ന സാധാരണ ജനങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാകണമെന്നും, അതിൽ എന്തെങ്കിലും പിഴവുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് രൂക്ഷമാണെന്നും ഇക്കാര്യം നേരിട്ട് നിരീക്ഷിക്കുമെന്നും ശ്രീമതി വീണാ ജോർജ് പറഞ്ഞു.

RNU TVPM

*************************

## <u>സി പി ഐ എം - യോഗം</u>

സി പി ഐ എമ്മിൻറെ സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തിരുവനന്തപുരത്ത് അവസാനിച്ചു. തിരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് പ്രാഥമിക വിലയിരുത്തൽ യോഗത്തിൽ നടന്നതായാണ് സൂചന. രാജ്യസഭാ തിരഞ്ഞെടുപ്പായിരുന്നു യോഗത്തിൻറെ പ്രധാന അജണ്ട. മന്ത്രി കെ രാധാകൃഷ്ണൻ ആലത്തൂരിൽ വിജയിച്ച സാഹചര്യത്തിൽ പുതിയ മന്ത്രിയുടെ

കാര്യത്തിലും, രണ്ടു നിയമസഭാ മണ്ഡലങ്ങളിൽ വരാൻ പോകുന്ന ഉപതിരഞ്ഞെടുപ്പിനെ സംബന്ധിച്ചും സെക്രട്ടേറിയറ്റ് യോഗത്തിൽ വിലയിരുത്തൽ നടന്നതായാണ് സൂചന.

***********************

## നീറ്റ്

നീറ്റ് പരീക്ഷയിലെ ക്രമക്കേടുമായി ബന്ധപ്പെട്ടുയരുന്ന ആരോപണങ്ങളിൽ ഉന്നത തല അന്വേഷണം വേണമെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ. സുപ്രീംകോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യം ഉന്നയിച്ചു. നീറ്റ് ഉൾപ്പെടെ വിവിധ പരീക്ഷകളിൽ ക്രമക്കേട് സംബന്ധിച്ച ആരോപണം ഉയരുന്നതായും കേന്ദ്ര സർക്കാരിനെതിരെ വിമർശനം ഉന്നയിച്ചുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി.

PNU TVPM

***********************

## ഭക്ഷ്യ സുരക്ഷാ വീണാ ജോർജ്

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിവിധ പേരിലറിയപ്പെടുന്ന ഓപ്പറേഷനുകൾ എല്ലാം ഇനി ഓപ്പറേഷൻ ലൈഫ് എന്ന ഒറ്റ പേരിൽ അറിയപ്പെടുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഭക്ഷ്യ സുരക്ഷയ്ക്കായി ഈ സർക്കാർ നടപ്പിലാക്കിയ നിരവധി ഡ്രൈവുകളുടെ ഫലമായി ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനം നേടിയതായും മന്ത്രി വ്യക്തമാക്കി. ലോക ഭക്ഷ്യസുരക്ഷാ ദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനവും അവാർഡ് വിതരണവും നിർവഹിക്കുകയായിരുന്നു മന്ത്രി.

***********************

## ലിംഗമാറ്റ ശസ്ത്രക്രിയ

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ 13 ലിംഗമാറ്റ ശസ്ത്രക്രിയകൾ വിജയിച്ചില്ലെന്ന പരാതിയിൽ, സംസ്ഥാന സർക്കാർ 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചു. സാമ്പത്തിക സഹായം നൽകണമെന്ന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിനെ തുടർന്നാണ് കാട്ടാക്കട സ്വദേശി സാഗറിന് തുക അനുവദിച്ചത്. പരാതിക്കാരന് ട്രാൻസ്ജെന്റർ ഐ.ഡി കാർഡ് അനുവദിച്ചതായും സാമൂഹിക നീതി വകുപ്പ് കമ്മീഷനെ അറിയിച്ചു. ട്രാൻസ്ജെന്റർമാരുടെ ആരോഗ്യ സേവനങ്ങളെ കുറിച്ച് പഠിക്കാൻ സാമൂഹികനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ 14 അംഗസമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും സർക്കാർ കമ്മീഷനെ അറിയിച്ചു.

PNU TVPM

***********************

## സിയാൽ ......... ഇൻട്രോ

കൊച്ചി വിമാനത്താവളത്തിലൂടെ ഇനി ഓമന മൃഗങ്ങളെ വിദേശത്തേക്ക് കൊണ്ടു പോകാം. കേന്ദ്ര മൃഗസംരക്ഷണ വകുപ്പിൽ നിന്ന് 'പെറ്റ് എക്സ്പോർട്ട്' അനുമതി ലഭിച്ചതോടെ, ഈ സൗകര്യമുള്ള കേരളത്തിലെ ഏക വിമാനത്താവളമായി സിയാൽ മാറി. **വിശദാംശങ്ങളിലേയ്ക്ക് .......**

(വോയ്സ്)

ആഭ്യന്തര റൂട്ടുകളിൽ ഓമന മൃഗങ്ങളെ കൊണ്ടു പോകാനുള്ള അനുമതി മാത്രമേ കൊച്ചി വിമാനത്താവളത്തിന് - ഇതുവരെ ഉണ്ടായിരുന്നുള്ളൂ. എന്നാലിപ്പോൾ എല്ലാ വിദേശ രാജ്യങ്ങളിലേക്കും പ്രത്യേകം സജ്ജമാക്കിയ കൂടുകളിലൂടെ കാർഗോ വഴി ഇവയെ കൊണ്ടുപോകാനുള്ള അനുമതിയാണ്

സിയാലിന് ലഭിച്ചത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ശീതീകരിച്ച പെറ്റ് സ്റ്റേഷൻ, പ്രത്യേക കാർഗോ വിഭാഗം, വെറ്ററിനറി ഡോക്ടർമാർ, കസ്റ്റംസ് ക്ലിയറൻസ് കേന്ദ്രം, മൃഗങ്ങളെ കൊണ്ടു വരുന്നവർക്കുള്ള ഫെസിലിറ്റേഷൻ സെന്റർ എന്നിവ സിയാൽ ഇതിനായി ഒരുക്കിയിട്ടുണ്ട്. വിദേശത്ത് നിന്ന് ഓമന മൃഗങ്ങളെ നേരിട്ട് ഇറക്കുമതി ചെയ്യാനുള്ള അനുമതിക്കായും ശ്രമം തുടങ്ങിയിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഇറക്കുമതി ചെയ്യുന്നതിനും സിയാലിന് ഈയിടെ കേന്ദ്ര സർക്കാരിൻറെ അനുമതി ലഭിച്ചിരുന്നു. **ന്യൂസ് ഡസ്ക്, ആകാശവാണി.**

***********************

## കാറിന് തീപിടിച്ചു

കോഴിക്കോട് കോനാട് ബീച്ച് റോഡിൽ ഓടി കൊണ്ടിരുന്ന കാറിന് തീ പിടിച്ച് ഡ്രൈവർ മരിച്ചു. ചേളന്നൂർ സ്വദേശി മോഹൻദാസ് ആണ് മരിച്ചത്. ഫയർ ഫോഴ്സ് എത്തിയാണ് തീ അണച്ചത്. ഇന്ന് ഉച്ചയോടെയാണ് സംഭവം. അപകടകാരണം വ്യക്തമല്ല.

RNUTVPM

***********************

## വന്ദേഭാരത് എക്സ്പ്രസ്

തൃശൂരിൽ വന്ദേഭാരത് എക്സ്പ്രസിന് നേരെ കല്ലേറ്. തിരുവനന്തപുരത്ത് നിന്ന് കാസർകോഡ് പോവുകയായിരുന്ന ട്രെയിനിന് നേരെയുണ്ടായ കല്ലേറിൽ രണ്ട് കോച്ചുകളുടെ ചില്ല് പൊട്ടിയിട്ടുണ്ട്.

***********************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം,

കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. തിരുവനന്തപുരം, കൊല്ലം ഒഴികെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ തീരദേശ വാസികൾ ജാഗ്രത പാലിക്കണം.

***********************

## ട്വൻറി-20

ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് മത്സരത്തിൽ ഇന്ന് അയർലൻഡ്, ക്യാനഡയെ നേരിടും. ന്യൂയോർക്കിൽ രാത്രി എട്ട് മണിക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ, സ്കോട്ട്ലൻഡ് നമീബിയയെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

RNU TVPM

***********************

## ഓഹരി. സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ സർവകാല റിക്കോഡിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,619 പോയിൻറ് നേട്ടത്തിൽ 76,693 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 469 പോയിൻറ് നേട്ടത്തിൽ 23,290 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. ഗ്രാമിന് 30 രൂപ വർദ്ധിച്ച് 6,760 രൂപയും പവന് 240 രൂപ വർദ്ധിച്ച് 54,080 രൂപയുമാണ് ഇന്നത്തെ വില.

***********************

## ജാമ്യം

കത്വ, ഉന്നാവ് ഫണ്ട് കേസുമായി ബന്ധപ്പെട്ട് യൂത്ത് ലീഗ് നേതാക്കൾക്ക് കോടതി ജാമ്യം അനുവദിച്ചു. യൂത്ത് ലീഗ് മുൻ ദേശീയ ജനറൽ സെക്രട്ടറി സി കെ.സുബൈർ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ.ഫിറോസ് എന്നിവർക്കാണ് കുന്ദമംഗലം കോടതി ജാമ്യം അനുവദിച്ചത്. ഇരുവരും കോടതിയിൽ ഹാജരാകാത്തതിനെ തുടർന്ന് അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരുന്നു.

***********************

## മരശിഖിരം ഒടിഞ്ഞുവീണു

കൊച്ചി ധനുഷ്ക്കോടി ദേശിയപാതയിൽ ഇടുക്കി ചീയപ്പാറക്ക് സമീപം കെ എസ് ആർ ടി ബസിന് മുകളിലേക്ക് മരച്ചില്ല ഒടിഞ്ഞു വീണ് ബസിന്റെ മുൻഭാഗത്തെ ചില്ല് തകർന്നു. യാത്രക്കാർ പരിക്കുകൾ ഇല്ലാതെ രക്ഷപ്പെട്ടു. പാലായിൽ നിന്നും കാന്തല്ലൂരിന് പോകുകയായിരുന്ന ബസിന് മുകളിലേക്കാണ് പാതയോരത്ത് നിന്ന ഉണങ്ങിയ മരത്തിന്റെ ചില്ല പതിച്ചത്.

RNU TVPM

*****************************************************************************

**************************************